# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 07.08.2024**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് സ്കൂൾ പരീക്ഷകളിൽ ഓരോ വിഷയത്തിനും മിനിമം മാർക്ക് ഏർപ്പെടുത്താൻ മന്ത്രിസഭായോഗത്തിൻറെ അനുമതി.

2. വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിതരായ മുഴുവൻ കുടുംബങ്ങളുടെയും പുനരധിവാസത്തിനുള്ള സത്വര നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് മന്ത്രിസഭാ ഉപസമിതി. കാണാതായവർക്കായുള്ള തിരച്ചിൽ ഇന്നും തുടർന്നു.

3. വയനാട് ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ലോക്സഭയിൽ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി.

4. തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിലുള്ളവർക്ക് മെഡിക്കൽ ബോർഡ് രൂപീകരിച്ച് തുടർ ചികിത്സ ഉറപ്പാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

5. പാരിസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് നിരാശയേകി വിനേഷ് ഫോഗട്ടിന് അയോഗ്യത. നടപടിയിൽ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയതായി കേന്ദ്ര കായിക മന്ത്രി.

6. ഒളിമ്പിക്സ് ട്രിപ്പിൾ ജമ്പിൽ മലയാളി താരം അബ്ദുള്ള അബൂബക്കർ ഇന്നിറങ്ങും.

***********************************

## സബ്ജക്റ്റ് മിനിമം - മന്ത്രിസഭാ യോഗം

സംസ്ഥാനത്ത് സ്കൂൾ പരീക്ഷകളിൽ ഓരോ വിഷയത്തിനും മിനിമം മാർക്ക് ഏർപ്പെടുത്തുന്നതിന് മന്ത്രിസഭായോഗം അനുമതി നൽകി. ഈ അക്കാദമിക വർഷത്തിൽ 8-ാം ക്ലാസ്സിലും, അടുത്ത രണ്ട് വർഷങ്ങളിലായി 9,10 ക്ലാസുകളിലും ഘട്ടംഘട്ടമായി തീരുമാനം നടപ്പാക്കും. ഇതിൻറെ ആദ്യ പടിയായി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ, ജനപങ്കാളിത്തത്തോടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി രൂപീകരിക്കും. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിൻറെ ഭാഗമായാണ് നടപടി.

*************************************

## ഔട്ടർ റിങ്ങ് റോഡ് - മന്ത്രിസഭാ യോഗം

വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിങ്ങ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 1629 കോടി രൂപയുടെ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കും. ഇതിൻ്റെ ഭാഗമായുള്ള സാമ്പത്തിക പങ്കാളിത്ത കരാറിന് മന്ത്രിസഭ അംഗീകാരം നൽകി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായി നബാർഡിൽ നിന്നും 2100 കോടി രൂപ വായ്പ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതിയോടെ അംഗീകരിക്കാനും മന്ത്രിസഭ തീരുമാനിച്ചു. നബാർഡിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ സർക്കാർ വഹിക്കും.

*************************************

## വയനാട് ഉപസമിതി

വയനാട് ഉരുൾപൊട്ടൽ ബാധിതരായ മുഴുവൻ കുടുംബങ്ങളുടെയും പുനരധിവാസം

RNI TVPM

സാധ്യമാക്കുന്നതിനുള്ള സത്വര നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് മന്ത്രിസഭാ ഉപസമിതി. അർഹരായ എല്ലാവരും പുനരധിവാസ പാക്കേജിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പഴുതടച്ച സംവിധാനമാണ് നടപ്പിലാക്കുന്നതെന്ന് മന്ത്രി കെ രാജൻ അറിയിച്ചു. പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടാൻ ദുരിതാശ്വാസ ക്യാംപുകളിൽ രജിസ്റ്റർ ചെയ്യണമെന്ന രീതിയിൽ നടക്കുന്ന പ്രചാരണങ്ങൾ തെറ്റാണെന്നും മന്ത്രി അറിയിച്ചു. ക്യാമ്പുകളിൽ കഴിയുന്നവരുടെ താത്ക്കാലിക പുനരധിവാസത്തിനാണ് സർക്കാർ ഇപ്പോൾ ഊന്നൽ നൽകുന്നത്. ഇതിനായി ഒഴിഞ്ഞു കിടക്കുന്ന വീടുകൾ, സർക്കാർ ക്വാട്ടേഴ്സുകൾ, ഹോട്ടലുകൾ തുടങ്ങിയവ കണ്ടെത്തി ആളുകളെ താത്ക്കാലികമായി പുനരധിവസിപ്പിക്കാൻ സംവിധാനമുണ്ടാക്കും. സൗജന്യമായി വീട് വിട്ടു തരാൻ സന്നദ്ധരായ സ്വകാര്യ വ്യക്തികൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപന അധികൃതരെ വിവരം അറിയിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. അതേസമയം ദുരന്തത്തിൽ കാണാതായവർക്കായി ഒമ്പതാം ദിവസവും തിരച്ചിൽ തുടർന്നു

RNUTVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്...**

(വോയ്സ്)

**************************************

പ്രധാനമന്ത്രി - വയനാട്

വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിത മേഖലകൾ സന്ദർശിക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ശനിയാഴ്ച സംസ്ഥാനത്തെത്തിയേക്കും.

പ്രധാനമന്ത്രിയുടെ ഓഫീസ് സംസ്ഥാന സർക്കാരിനെ ഇക്കാര്യം ഔദ്യോഗികമായി അറിയിച്ചതായാണ് വിവരം. അതേസമയം വയനാട് ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി ഇന്ന് പാർലമെൻറിൽ ആവശ്യപ്പെട്ടു. ദുരന്ത ബാധിതർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കണമെന്നും ശൂന്യവേളയിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. സമഗ്രമായ പുനരധിവാസ പാക്കേജും വയനാടിനായി പ്രഖ്യാപിക്കണമെന്ന് ശ്രീ രാഹുൽഗാന്ധി ആവശ്യമുന്നയിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളും വിവിധ സേനാവിഭാഗങ്ങളും നടത്തിയ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളെയും അദ്ദേഹം പ്രശംസിച്ചു.

**************************************

BIJUTVPM

## ഉരുൾപൊട്ടൽ - കരട് പട്ടിക

ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായ 138 പേരുടെ കരട് പട്ടിക സംസ്ഥാനസർക്കാർ പ്രസിദ്ധീകരിച്ചു. മന്ത്രിസഭാ ഉപസമിതിയുടെ നിർദ്ദേശപ്രകാരമാണ് ജില്ലാ കലക്ടറുടെ മേൽനോട്ടത്തിൽ പട്ടിക തയ്യാറാക്കിയത്. വോട്ടർപട്ടികയിലെയും റേഷൻ കാർഡുകളിലെയും ആളുകളിൽ നിന്ന്, നിലവിൽ ക്യാമ്പുകളിലും ബന്ധുവീടുകളിലും ആശുപത്രികളിലും കഴിയുന്നവരുടെയും, മരണം സ്ഥിരീകരിക്കപ്പെട്ടവരുടെയും പേരുകൾ നീക്കം ചെയ്ത ശേഷമാണ് പട്ടിക തയ്യാറാക്കിയത്. പൊതുജനങ്ങൾക്ക് കരട് പട്ടിക പരിശോധിച്ച് അതിൽ ഉൾപ്പെട്ടവരെ കുറിച്ചുള്ള എന്തെങ്കിലും വിവരങ്ങൾ ഉണ്ടെങ്കിൽ ജില്ലാ ഭരണകൂടത്തെ അറിയിക്കാം.

**************************************

## ധനകാര്യസ്ഥാപനം - മുഹമ്മദ് റിയാസ്

ഉറ്റവരെയും കൂടെപ്പിറപ്പുകളെയും നഷ്ടപ്പെട്ട വേദനയുമായി ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവരെ മുൻ പണമിടപാടിൻറെ പേരിൽ ചില സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾ പണം തിരിച്ചടയ്ക്കുവാൻ ഈ ഘട്ടത്തിൽ നിർബന്ധിക്കുന്നത് അപലപനീയവും മനുഷ്യത്വരഹിതവുമാണെന്ന് മന്ത്രി മുഹമ്മദ് റിയാസ്. ഇന്നത്തെ മന്ത്രിസഭാ യോഗത്തിൽ ഈ വിഷയവും ചർച്ച ചെയ്യതായി അദ്ദേഹം അറിയിച്ചു. ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ മാനേജ്മെൻറുമായി സർക്കാർ പ്രതിനിധികൾ സംസാരിക്കും. തുടർന്നും ഇത്തരം നിലപാട് തുടർന്നാൽ സംസ്ഥാന സർക്കാർ അതിനെ നേരിടുമെന്നും മന്ത്രി വ്യക്തമാക്കി..

***********************************

RIJU TVPM

## ദുരിതാശ്വാസനിധി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ 5 ലക്ഷം രൂപ സംഭാവന നൽകി. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഒരു ലക്ഷം രൂപയും സംഭാവന നൽകിയിട്ടുണ്ട്.

***********************************

## വയനാട് - പൊലീസ് കേസ്

വയനാട് ദുരന്തത്തിൽ അമ്മമാർ മരിച്ച കുഞ്ഞുങ്ങൾക്ക് മുലപാൽ നൽകാൻ സന്നദ്ധത അറിയിച്ചു കൊണ്ടുള്ള പോസ്റ്റിന് താഴെ സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ കമന്റ് ഇട്ട വ്യക്തിക്കെതിരെ പൊലീസ് കേസ് എടുത്തു. ചെർപ്പുളശ്ശേരി സ്വദേശി സുകേഷ് പി മോഹനൻ എന്നയാൾക്കെതിരെയാണ് കേസ് എടുത്തത്.

************************************

**വീണാ ജോർജ്**

തിരുവനന്തപുരത്ത് അമീബിക്ക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിലുള്ളവർക്ക് മെഡിക്കൽ ബോർഡ് രൂപീകരിച്ച് തുടർ ചികിത്സ ഉറപ്പാക്കാൻ ആരോഗ്യ മന്ത്രി വീണാ ജോർജ് നിർദേശം നൽകി. പ്രത്യേക മാനദണ്ഡം തയ്യാറാക്കിയാണ് ചികിത്സ നൽകുന്നത്. മരണമടഞ്ഞയാളെ കൂടാതെ തിരുവനന്തപുരത്ത് നിലവിൽ 6 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. ആദ്യ രോഗിയ്ക്ക് എങ്ങനെ രോഗമുണ്ടായി എന്ന ആരോഗ്യ വകുപ്പിന്റെ അന്വേഷണത്തിലാണ് രോഗം വരാൻ സാധ്യതയുള്ള മറ്റുള്ളവരെ കണ്ടെത്തിയത്. പ്രോട്ടോകോൾ പ്രകാരം 5 മരുന്നുകളുടെ സംയുക്തം ഉപയോഗിച്ചാണ് നിലവിൽ ചികിത്സ നടത്തുന്നതെന്നും മന്ത്രി പറഞ്ഞു.

RNU TVPM

************************************

**അമീബിക് - കോഴിക്കോട്**

അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലായിരുന്ന ഒരു കുട്ടിക്ക് കൂടി രോഗമുക്തി. കോഴിക്കോട് സ്വദേശിയായ കുട്ടിക്കാണ് രോഗം ഭേദമായത്. രോഗം സ്ഥിരീകരിച്ച് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലുള്ള കണ്ണൂർ സ്വദേശിയായ കുട്ടിയുടെ ആരോഗ്യനിലയിലും പുരോഗതിയുണ്ട്. കുട്ടിയെ തീവ്രപരിചരണ വിഭാഗത്തിൽ നിന്ന് മാറ്റി.

************************************

## രാജ്യസഭ തിരഞ്ഞെടപ്പ്

ഒൻപത് സംസ്ഥാനങ്ങളിൽ ഒഴിവുവന്ന 12 രാജ്യസഭ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് അടുത്തമാസം 3 ന് നടക്കും. വിജ്ഞാപനം ഈ മാസം 14 ന് പുറത്തിറക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 21 വരെ നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കാനാവും.

***********************************

## പാർലമെൻറ് കായികമന്ത്രി

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് കടുത്ത നിരാശയേകി ഫ്രീ സ്റ്റൈൽ ഗുസ്തി 50 കിലോഗ്രാം വിഭാഗത്തിൽ വിനേഷ് ഫോഗട്ട് അയോഗ്യയായി. ഫൈനൽ മത്സരം ഇന്ന് നടക്കാനിരിക്കേ രാവിലെ നടന്ന പരിശോധനയിലാണ്, നിശ്ചിത ഭാരത്തെക്കാൾ, 100 ഗ്രാം അധികഭാരമുണ്ടെന്ന കാരണത്താൽ അയോഗ്യയാക്കപ്പെട്ടത്. ഇന്ത്യൻ ചരിത്രത്തിൽ ആദ്യമായാണ് ഗുസ്തിയിൽ ഒരു വനിതാ താരം ഒളിമ്പിക്സ് ഫൈനലിൽ പ്രവേശിക്കുന്നത്. വിനേഷ് ഫോഗട്ടിൻറെ അയോഗ്യതയിൽ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയതായി കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ പാർലമെൻറിൽ അറിയിച്ചു. എല്ലാ സാധ്യതകളും ഐ.ഒ.എ പരിശോധിച്ചതായും സ്വമേധയാ നടത്തിയ പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു. വനിതാ ഗുസ്തിതാരങ്ങൾക്ക് കേന്ദ്രം എല്ലാ വിധ സഹായങ്ങളും നൽകിവരുന്നതായും മന്ത്രി അറിയിച്ചു.

***********************************

PNU TVPM

## വിനേഷ്-പിഎം

രാജ്യത്തെ 140 കോടി ജനങ്ങളുടെ മനസ്സിൽ വിനേഷ് ഫോഗട്ട് ചാമ്പ്യനായി നിലകൊള്ളുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഭാവിയിലെ മെഡൽ നേട്ടങ്ങൾക്കായി ആശംസ നേർന്ന രാഷ്ട്രപതി, പാരിസ് ഒളിമ്പിക്സിലെ വിനേഷിൻറെ പ്രകടനങ്ങൾ രാജ്യത്തെ അഭിമാനഭരിതമാക്കിയതായും പറഞ്ഞു. ചാമ്പ്യന്മാരുടെ ചാമ്പ്യനാണ് വിനേഷ് ഫോഗട്ടെന്ന് പറഞ്ഞ പ്രധാനമന്ത്രി നരേന്ദ്രമോദി വിഷയത്തിൽ സാധ്യമായ എല്ലാ ഇടപെടലും നടത്താൻ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് പി.ടി ഉഷയ്ക്ക് നിർദ്ദേശം നൽകി. അയോഗ്യത പുനഃപരിശോധിക്കണം എന്നാവശ്യപ്പെട്ട് റെസ്ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ അപ്പീൽ നൽകിയിട്ടുണ്ടെന്ന് പറഞ്ഞ ശ്രീമതി പി.ടി ഉഷ, വിനേഷ് ഫോഗട്ടിനെ നേരിൽ കണ്ട് പിന്തുണ അറിയിച്ചതായും പറഞ്ഞു.

*************************************

RNU TVPM

## പാരീസ് ഒളിമ്പിക്സ്

പാരീസ് ഒളിമ്പിക്സിൽ അത്ലറ്റിക് വിഭാഗത്തിൽ മലയാളി താരം അബ്ദുള്ള അബൂബക്കർ ഇന്ന് മത്സരിക്കും. ട്രിപ്പിൾ ജമ്പ് യോഗ്യത മത്സരത്തിലാണ് ഇന്ത്യൻ സമയം രാത്രി 10:45ന് പങ്കെടുക്കുന്നത്. 2022ലെ കോമൺവെൽത്ത് ഗെയിംസിലും കോഴിക്കോട് നാദാപുരം സ്വദേശിയായ അബ്ദുള്ള അബൂബക്കർ വെള്ളി മെഡൽ നേടിയിരുന്നു.49 കിലോഗ്രാം ഭാരദ്വഹനത്തിൽ ഇന്ത്യയുടെ മീരാബായ് ചാനുവും ഇന്ന് മത്സരത്തിന് ഇറങ്ങും. അതേസമയം വനിതകളുടെ 53 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ അന്തിം പങ്കൽ പരാജയപ്പെട്ടു. ടെബിൾ ടെന്നിസ് ക്വാർട്ടർഫൈനലിലും ഇന്ത്യൻ ടീം ജർമനിയോട്

പരാജയപ്പെട്ടു. ജാവലിൻ ത്രോയിൽ അന്നു റാണി ഫൈനൽ യോഗ്യതാ മത്സരത്തിൽ പുറത്തായി.

***********************************

## ക്രിക്കറ്റ്

ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള മൂന്നാം ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ശ്രീലങ്കക്കെതിരെ ഇന്ത്യയ്ക്ക് 249 റൺ വിജയലക്ഷ്യം. ടോസ് നേടിയ ശ്രീലങ്ക നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 248 റൺ നേടി.

*****************************************************

***********************************

*********************

RNU TVPM